(ബി)

വർഷം	പിടിക്കൂടിയ സ്പിരിറ്റ് (ലിറ്റർ)	കേസുകളുടെ എണ്ണം
2010	124518	112
2011	14334	52
2012	35105	72
2013	44667	46
2014 (25/11/2014 വരെ)	20108	26

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ - 403
ശിക്ഷിക്കപ്പെട്ടവർ - 19

(ഡി) 514 പേരുടെ അറസ്റ്റ് രേഖപ്പെടുത്താനുണ്ട്, 2821 കേസുകളിൽ കോടതിയിൽ കുറ്റപത്രം നൽകാനുണ്ട്.

നിർമ്മാണം പൂർത്തിയാക്കാത്ത തീരദേശ റോഡുകൾ

123 (124) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും, നിർമ്മാണം പൂർത്തിയാക്കാത്ത ഏതെല്ലാം തീരദേശ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും, നിർമ്മാണം പൂർത്തിയാക്കാത്ത തീരദേശ റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപടി സ്വീകരിക്കുന്നതാണ്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

124 (125) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് ഏത് തീയതിയിലായിരുന്നു; എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു; ക്വാളിഫൈ ചെയ്യപ്പെട്ടവർ ഏതൊക്കെ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly